LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. നിലവിൽ ട്രേഡ്സ്മാൻ, അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് 3 കേസുകൾ വീതം ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്. ഇൻസ്ട്രക്ടർ/ട്രേഡ്സ്മാൻ പരീക്ഷ സംബന്ധിച്ചും അഭിമുഖം സംബന്ധിച്ചും പരാതി ലഭിച്ചിട്ടുണ്ട്.

**പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിന് നടപടി**

155 (5882) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിവരിക്കുമോ;

(സി) ഈ പദ്ധതികൾ അനുസരിച്ച് എത്ര സഹകരണ സംഘങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനായി കൺസ്യൂമർ സഹകരണ സംഘങ്ങൾ, എസ്.സി./ എസ്.റ്റി. സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് സബ്സിഡി, ഓഹരിയിനത്തിലും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ദുർബല വനിതാ സഹകരണ സംഘങ്ങൾ, അച്ചടി സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ, കൂടാതെ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് പദ്ധതിയുടെ സ്വീകാര്യത, സംഘങ്ങളുടെ പ്രവർത്തനം എന്നിവ വിലയിരുത്തി സബ്സിഡി, ഓഹരി, വായ്പയിനത്തിൽ ധനസഹായം നൽകുന്നതിനും ഈ സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, എസ്.സി./

LIBRARY ARCHIVES Kerala Legislative Assembly

എസ്.റ്റി. സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി, മറ്റ് സഹകരണ സംഘങ്ങൾക്ക് ധനസഹായ പദ്ധതി, സഹകരണ സംഘങ്ങളുടെ വികസനവും പുനഃരുദ്ധാരണ പദ്ധതി എന്നീ പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.

(സി) ഈ പദ്ധതികൾ അനുസരിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ സഹകരണ വകുപ്പ് മുഖേന 82 സഹകരണ സംഘങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | ധനസഹായം അനുവദിച്ച സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 19 |
| 2 | ദുർബല വനിതാ സഹകരണ സംഘങ്ങൾ | 7 |
| 3 | ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | 8 |
| 4 | കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 5 |
| 5 | എസ്.സി./ എസ്.റ്റി. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 40 |
| 6 | സാഹിത്യ സഹകരണ സംഘങ്ങൾക്ക് സഹായം | 1 |
| 7 | ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 2 |
| | ആകെ | 82 |

**കളക്ഷൻ ഏജന്റുമാർക്ക് ജോലി സുരക്ഷിതത്വം**

156 (5883) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് ജോലി സുരക്ഷിതത്വം ഇല്ലാത്തതു കാരണം അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;